പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5786 25.5.2017 ലെ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളുടെ സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ സഹകരണ സംഘങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) വിലയിരുത്തിയിട്ടുണ്ട്. 31/03/2016 വരെ 1005 കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ ഇപ്പോൾ 543 എണ്ണം പ്രവർത്തനക്ഷമമാണ്. 145 എണ്ണം ലിക്വിഡേഷനിലായിട്ടുണ്ട് 175 എണ്ണം പ്രവർത്തനം ആരംഭിച്ചില്ല. 142 എണ്ണം പ്രവർത്തനം നിലച്ചുപോയിരിക്കുകയുമാണ്. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായ മേഖലയിൽ രൂപീകരിച്ച കയർ സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ; | ബി) മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ആകെ 226 സംഘങ്ങൾ രജിസ്റ്റർ ചെയ്തതിൽ 68 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനം തുടങ്ങാത്തവ 48 ഉം, ഡോർമെന്റ് 30 ഉം, ലിക്വിഡേഷനിൽ 80 സംഘങ്ങളുമുണ്ട്. |
| സി) പ്രസ്തുത കാലയളവിൽ കയർ സഹകരണ സംഘങ്ങൾക്കായി കയർ വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | സി) 31/03/2016 ലെ കണക്കുപ്രകാരം 160,69,12,959/- രൂപ വിവിധ പദ്ധതികളിലായി കയർ സഹകരണ സംഘങ്ങൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ചെലവഴിച്ചിട്ടുണ്ട് |
| ഡി)കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കയർ വ്യവസായ മേഖലയുടെ പുരോഗതിക്കുമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കയർ വ്യവസായ മേഖലയുടെ പുരോഗതിക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുന്നു ണ്ട്.<br>1. രണ്ടാം പുന:സംഘടനാ പദ്ധതി |

| | |
|---|---|
| | 2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ട് യന്ത്രവത്ക്കരണം.<br><br>3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം<br><br>4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br><br>പുന:സംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജിരിയൽ ഗ്രാന്റ് അനുവദിച്ച് ജി.ഒ.(ആർടി) 583/2017/ഐഡി തീയതി 31/03/17 പ്രകാരം ഉത്തരവായിട്ടുണ്ട്<br><br>നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി ബജറ്റ് പ്രകാരം 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്<br><br>ചകിരി ഉൽപ്പാദനം വ്യാപിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് ഉന്നതതല ചർച്ച നടന്നു വരുന്നു. |

| | |
|---|---|
| | കയർ ജിയോ ടെക്സ്റ്റൈയിൽസിന് കൃഷി-ജല-മണ്ണ് സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിപുലമായ പഠന പ്രചാരണ പ രിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. ബഹു. ധനകാര്യ, കയർ വകുപ്പ് മന്ത്രി നേരിട്ട് ജില്ലകളിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ജിയോ ടെക്സ്റ്റൈയിൽസ് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ജിയോ ടെസ്റ്റൈയിൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പ ദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

| നം. | പ്രോജക്റ്റ് ഓഫീസ് | രജിസ്റ്റർ ചെയ്ത സംഘങ്ങൾ | പ്രവർത്തിക്കുന്നവ | പ്രവർത്തനം തുടങ്ങാത്തവ | ഡോർമെന്റ് | ലിക്വിഡേഷൻ | ആകെ |
|---|---|---|---|---|---|---|---|
| 1. | ചിറയിൻകീഴ് | 6 | -- | 2 | -- | 4 | 6 |
| 2. | കൊല്ലം | 26 | 6 | 20 | -- | -- | 26 |
| 3. | കായംകുളം | 45 | 35 | 10 | -- | -- | 45 |
| 4. | ആലപ്പുഴ | 69 | 12 | -- | 27 | 30 | 69 |
| 5. | നോർത്ത് പറവൂർ | -- | -- | -- | -- | -- | -- |
| 6. | വൈക്കം | 19 | 9 | 6 | -- | 4 | 19 |
| 7. | തൃശ്ശൂർ | -- | -- | -- | -- | -- | -- |
| 8. | പൊന്നാനി | 33 | 1 | 10 | -- | 22 | 33 |
| 9. | കോഴിക്കോട് | 11 | 4 | -- | -- | 7 | 11 |
| 10. | കണ്ണൂർ | 17 | 1 | -- | 3 | 13 | 17 |
| | | **226** | **68** | **48** | **30** | **80** | **226** |